## കരാർ കമ്പനി കെ.എസ്.ആർ.ടി.സിയോട്

# 25 കോടി തന്നാൽ ബസുകൾ വിട്ടു നൽകാം!!

■ ഏറ്റെടുക്കാനാവാതെ 25 പുത്തൻ ബസുകൾ




കോട്ടയത്ത് ബോഡി നിർമ്മാണം പൂർത്തിയായ കെ.എസ്.ആർ.ടി.സി ബസുകൾ.

FLASH EXCLUSIVE

▸ ശരത്നാഥ് എം.എസ്

തിരുവനന്തപുരം: പരിഷ്കരണ നടപടികളുമായി മുന്നോട്ടു പോകുമ്പോഴും സാമ്പത്തിക പരാധീനതയിൽ നിന്ന് കരകയറിയിട്ടില്ലാത്ത കെ.എസ്.ആർ.ടി.സിയ്ക്ക് ബോഡി നിർമ്മാണം പൂർത്തിയായ 25 പുതിയ ബസുകൾ ഏറ്റെടുക്കാനാവുന്നില്ല! പണം നൽകിയാലെ ബസ് വിട്ടു നൽകാനാകൂ എന്ന നിലപാടിലാണ് കരാർ ഏറ്റെടുത്ത കമ്പനി.

ഇതിനാൽ മഴയും വെയിലുമേറ്റ് കിടക്കുകയാണ് 6.25 കോടിയുടെ ബസുകൾ.

100 ബസുകളുടെ ബോഡി നിർമ്മാണത്തിന് 2017 സെപ്തംബറിലാണ് കോട്ടയം അയർക്കുന്നത്തെ കൊണ്ടോടി ആട്ടോ ക്രാഫ്റ്റിന് കരാർ നൽകിയത്.

80 ഫാസ്റ്റ് പാസഞ്ചറും 20 സൂപ്പർ ഫാസ്റ്റുകളും. 25 കോടിയ്ക്കായിരുന്നു കരാർ. ഒരു ബസിന് 25 ലക്ഷം.




ഏറ്റെടുക്കാനാവാതെ കിടക്കുന്ന കെ.എസ്.ആർ.ടി.സി ബസുകൾ

### മുഴുവൻ പണവും കിട്ടിയില്ല



ബോഡി നിർമ്മിച്ച 100 ബസുകൾ വാങ്ങാൻ ആവശ്യമായ മുഴുവൻ പണവും സർക്കാരിൽ നിന്ന് ലഭിച്ചില്ല. അതിനാലാണ് ഏറ്റെടുക്കൽ വൈകുന്നത്. പുതിയ അന്തർ സംസ്ഥാന സർവീസുകൾ വൈകാതെ ആരംഭിക്കുന്നുണ്ട്. അപ്പോഴേക്കും ശേഷിക്കുന്ന ബസുകൾ വാങ്ങും.

**ടോമിൻ ജെ.തച്ചങ്കരി,**
സി.എം.ഡി, കെ.എസ്.ആർ.ടി.സി

75 ബസുകൾ നേരത്തെ കോർപ്പറേഷൻ ഏറ്റെടുത്തു. എന്നാൽ, പണം നൽകിയില്ല. ശേഷിക്കുന്ന ബസുകളുടെ ബോഡി നിർമ്മാണം നാല് മാസം മുമ്പ് പൂർത്തിയായെങ്കിലും പണം നൽകാതെ വിട്ടുകൊടുക്കാൻ തയാറല്ലെന്ന് കരാർ കമ്പനി നിലപാടെടുത്തു.

വാടകയ്ക്ക് ബസുകളെടുത്ത് റൂട്ടുകളിലോടിക്കാൻ കെ.എസ്.ആർ.ടി.സി ശ്രമിക്കുമ്പോഴാണ് 25 ബസുകളുടെ കാര്യത്തിലെ അനിശ്ചിതത്വം.

നാല് മാസമായി ഒരേ കിടപ്പായതിനാൽ ബസുകളുടെ അടിവശം തുരുമ്പെടുത്ത് തുടങ്ങിയതായും വിവരമുണ്ട്.

സ്ഥല പരിമിതി കാരണം പണം നൽകി ബസുകൾ എത്രയും വേഗം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കരാർ കമ്പനി കെ.എസ്.ആർ.ടി.സിക്ക് കത്ത് നൽകിയിട്ടുണ്ട്.

എന്നാൽ, 20 കോടി മാത്രമാണ് സർക്കാരിൽ നിന്ന് ലഭിച്ചതെന്ന് കെ.എസ്.ആർ.ടി.സി പറയുന്നു. ശേഷിക്കുന്ന അഞ്ചു കോടി കൂടി കിട്ടിയശേഷം ബസുകൾ ഏറ്റെടുക്കും.

ബസ് ബോഡി നിർമ്മാണത്തിന് പുറം കരാർ നൽകുന്നതാണ് മെച്ചമെന്ന് മുൻ മാനേജിംഗ് ഡയറക്ടർ എം.ജി. രാജമാണിക്യത്തിന്റെ നിർദേശത്തെത്തുടർന്നായിരുന്നു കോട്ടയത്തെ സ്വകാര്യ കമ്പനിക്ക് നൽകിയത്.

കേന്ദ്ര സർക്കാരിന്റെ പുതിയ ബസ് ബോഡി കോഡ് നിയമപ്രകാരം ഏറെ കടമ്പകൾ പിന്നിട്ടാണ് കെ.എസ്.ആർ.ടി.സി ഇവയ്ക്കുള്ള ബോഡി നിർമ്മാണത്തിന് അനുമതി നേടിയെടുത്തത്.

മുൻപ് സംസ്ഥാനത്ത് 214ൽ അധികം കമ്പനികൾ ബോഡി നിർമ്മാണം നടത്തിയിരുന്നു, എന്നാൽ, ഇപ്പോൾ കെ.എസ്.ആർ.ടി.സിയ്ക്കും കൊണ്ടോടി ആട്ടോ ക്രാഫ്റ്റിനും മാത്രമാണ് അനുമതി.

കോർപ്പറേഷന്റെ അഞ്ച് ബോഡി വർക്ക്ഷോപ്പുകൾ ഒഴിവാക്കി സ്വകാര്യ സ്ഥാപനത്തിന് കരാർ കൊടുത്തതിൽ തൊഴിലാളി സംഘടനകൾ പ്രതിഷേധിച്ചിരുന്നു.

---

## ബിന്ദു തിരോധാന കേസ്

# രണ്ടാമത്തെ വിൽപത്രം വ്യാജൻ

■ തെളിവ് ലഭിച്ചത് ആധാരം എഴുത്തുകാരനിൽ നിന്ന്

■ മൂന്ന് പ്രമാണങ്ങൾ റദ്ദാക്കും

▸ പി.പി.രാജേഷ്

ചേർത്തല: ബിന്ദു പദ്മനാഭന് സ്വത്തുക്കളുടെ പൂർണ അവകാശം നൽകി പിതാവ് പദ്മനാഭപിള്ളയുടെ പേരിൽ തയ്യാറാക്കിയ വിൽപത്രം വ്യാജമാണെന്ന് പൊലീസ് കണ്ടെത്തി. അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ ഇത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു കേസ് കൂടി രജിസ്റ്റർ ചെയ്തതായി ഡിവൈ. എസ്.പി എ. ജി. ലാൽ പറഞ്ഞു. ഇതോടെ ബിന്ദുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന ആറാമത്തെ കേസാണിത്.

പദ്മനാഭപിള്ള 1999 ഡിസംബർ 4 നാണ് വിൽപത്രം തയ്യാറാക്കിയത്. ഇതിൽ വീട് ഉൾപ്പെടുന്ന 70 സെന്റ് പുരയിടം മകൻ പ്രവീൺ കുമാറിന്റെ ഭാര്യ മിനി പ്രവീൺകുമാറിന്റെ പേരിലും 46 സെന്റ് മകൾ ബിന്ദുവിനും അവകാശം നൽകിയായിരുന്നു രജിസ്റ്റർ ചെയ്തത്. ബിന്ദുവിന്റെ പേരിൽ കുടുംബവീടിന് പടിഞ്ഞാറ് ആലുങ്കൽ ജംഗ്ഷന് സമീപത്തായി 89 സെന്റ് സ്ഥലവും വാങ്ങി നൽകിയിരുന്നു.

എന്നാൽ 2002 നവംബർ 22 ന് രജിസ്റ്റർ ചെയ്ത മറ്റൊരു വിൽപത്രത്തിലാണ് സ്വത്തുക്കളെല്ലാം ബിന്ദുവിന്റെ പേരിലേക്ക് മാത്രമായി മാറ്റിയത്. ചേർത്തലയിലെ ആധാരമെഴുത്തുകാരനെ ചോദ്യം ചെയ്തതിൽ നിന്നാണ് കൂടുതൽ വിവരങ്ങൾ ലഭിച്ചത്. വിൽപത്രത്തിൽ ഒപ്പിട്ടതായി പറയുന്ന പദ്മനാഭപിള്ള ഇവിടെ വന്നിട്ടില്ലെന്ന് പൊലീസ് പറഞ്ഞു. സെബാസ്റ്റ്യനാണ് ബിന്ദുവുമായി വിൽപത്രം തയ്യാറാക്കാൻ എത്തിയത്. സാക്ഷിയായി ഒപ്പിട്ടയാളും തനിക്ക് ഇതേക്കുറിച്ച് അറിയില്ലെന്ന് മൊഴി നൽകി. യഥാർത്ഥ ഒപ്പല്ല ഇതിലുള്ളതെന്നും ഇയാൾ തിരിച്ചറിഞ്ഞു.

വിൽപത്രം വ്യാജമാണെന്ന് കണ്ടെത്തിയതോടെ ഇതിന്റെ അടിസ്ഥാനത്തിൽ നടന്ന മൂന്ന് പ്രമാണങ്ങളും റദ്ദാക്കുമെന്ന് പൊലീസ് പറഞ്ഞു. ബിന്ദുവിന്റെ കുടുംബവീട് സ്ഥിതി ചെയ്യുന്ന 60 സെന്റ്, ഇതിനോട് ചേർന്നുള്ള പത്ത് സെന്റ്, സമീപത്തെ 46 സെന്റ് എന്നിങ്ങനെ 116 സെന്റ് സ്ഥലത്തിന്റെ മൂന്ന് പ്രമാണങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള റിപ്പോർട്ടാണ് പൊലീസ് നൽകുക.

വ്യാജ മുക്ത്യാർ ചമച്ച ഇടപ്പള്ളിയിലെ 11 സെന്റ് വസ്തുവിന്റെ വിൽപനയും റദ്ദാക്കാൻ നേരത്തെ പൊലീസ് രജിസ്ട്രേഷൻ ഐ.ജിക്ക് റിപ്പോർട്ട് നൽകിയിരുന്നു. മൊഴി നൽകിയ ശേഷം ഇറ്റലിയിലേയ്ക്ക് തിരിച്ചുപോയ ബിന്ദുവിന്റെ സഹോദരൻ പ്രവീൺ കുമാറിനോട് ഇ - മെയിലായി വിശദമായ പരാതി അയക്കാൻ പൊലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. ചേർത്തല സി.ഐ വി.പി.മോഹൻലാലിന്റെ നേതൃത്വത്തിലാണ് കേസ് അന്വേഷിക്കുക. പൊലീസ് കസ്റ്റഡിയിലുള്ള സെബാസ്റ്റ്യനെ ഇയാളുടെ ഭാര്യവീട് സ്ഥിതി ചെയ്യുന്ന ഏറ്റുമാനൂരിൽ എത്തിച്ച് തെളിവെടുപ്പ് നടത്തി. തുടർന്ന് കോടതിയിൽ ഹാജരാക്കി.

### ഓട്ടോ ഡ്രൈവറുടെ മൊഴി ഗൗരവമേറിയത്

കേസിലെ മുഖ്യപ്രതി സി.എം. സെബാസ്റ്റ്യന്റെ വീടിനോട് ചേർന്ന പുരയിടത്തിൽ ഏതാനും മാസം മുമ്പ് സെപ്റ്റിക് ടാങ്ക് മാലിന്യം തള്ളിയതായി ഓട്ടോ ഡ്രൈവർ നൽകിയ മൊഴി ബിന്ദുവിന്റെ തിരോധാനം അന്വേഷിക്കുന്ന സംഘം ഗൗരവത്തോടെയാണ് കാണുന്നത്.

സ്വന്തം വീട്ടിൽ മാലിന്യം തള്ളാൻ അനുവാദം നൽകിയതിനെ കുറിച്ച് സെബാസ്റ്റ്യനോട് ചോദിച്ചപ്പോൾ വളമാകട്ടേയെന്ന് കരുതിയാണെന്നാണ് പറഞ്ഞതെങ്കിലും ഇത് പൊലീസ് വിശ്വസിക്കുന്നില്ല. പുരയിടത്തിൽ ജെ.സി.ബി ഉപയോഗിച്ച് പരിശോധന നടത്തുന്ന കാര്യവും പൊലീസ് ആലോചിക്കുന്നുണ്ട്. ഇതിന് മുന്നോടിയായി നർക്കോട്ടിക് ഡിവൈ.എസ്.പിയുടെ സംഘം സെബാസ്റ്റ്യനെ വീണ്ടും ചോദ്യം ചെയ്തു.



സെബാസ്റ്റ്യൻ

### സുഹൃത്തുക്കളിൽ നിന്ന് വിവരങ്ങൾ തേടും



ബിന്ദു പദ്മനാഭൻ

ബിന്ദു പദ്മനാഭൻ എം.ബി.എ പഠനം നടത്തിയ ചെന്നൈ ഭാരത് കോളേജിൽ 1994 -96 കാലഘട്ടത്തെ സഹപാഠികളുടെ വിവരങ്ങൾ ചെന്നൈയിൽ എത്തിയ സംഘത്തിന് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇവരിൽ ഭൂരിഭാഗവും ബംഗളൂരുവിലെ ഐ.ടി കമ്പനികളിൽ ജോലി ചെയ്യുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മാതാവ് മരിച്ചപ്പോൾ ബിന്ദു നാട്ടിൽ വന്നതും ബംഗളൂരുവിൽ നിന്നാണെന്ന് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. ചെന്നൈയിലുള്ള അന്വേഷണ സംഘം ബംഗളൂരുവിൽ എത്തി ബിന്ദുവിന്റെ സുഹൃത്തുക്കളിൽ നിന്ന് കൂടുതൽ വിവരങ്ങൾ ശേഖരിക്കും.